നിൽക്കുന്ന എല്ലാവരേയും താൽക്കാലികമായി ഡ്യൂട്ടിക്ക് പുനർ നിയോഗിക്കാൻ എല്ലാ യൂണിറ്റാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**70 (362) നിറുത്തലാക്കിയ ബസ്സ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പുത്തൂർ-പവിത്രേശ്വരം-ചീരങ്കാവ് വഴി സർവ്വീസ് നടത്തിയിരുന്ന എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റദ്ദാക്കിയിട്ടുള്ള സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുമോ;

(സി) ഇതുവഴി സർവ്വീസ് നടത്തിയിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ;

(ഡി) ഈ റൂട്ടിലെ യാത്രാക്ലേശം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. കൊട്ടാരക്കര കൊല്ലം ഡിപ്പോകളിലെ ഓർഡിനറി ബസ്സുകൾ പുത്തൂർ വഴി സർവ്വീസ് നടത്തുന്നതിനും മുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബസ്സുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

**71 (363) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ**

ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എത്ര ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമുണ്ട്;

(ബി) ഒരു ബസ്സ് ഓപ്പറേറ്റ് ചെയ്യാൻ ആകെ എത്ര വീതം ഉദ്യോഗസ്ഥന്മാരും ജീവനക്കാരുമാണുള്ളത്;

(സി) ഒരു കി.മീ. സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.ക്ക് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly